# GHSS KATTILANGADI

## TANUR

# DIGITAL MAGAZINE

# ആരവം

PREPARED BY

LITTLE KITES CLUB

# അണ്ണാറക്കണ്ണൻ ചങ്ങാതി

വാഴക്കുമ്പ് വിരിഞ്ഞല്ലോ  തേൻ നുകരാൻ

വരുന്നുണ്ട് അണ്ണാറക്കണ്ണൻ പൂവാലൻ

ചിൽ ചിൽ    ചിൽ ചിൽ ചാടണ ചങ്ങാതി.

വരിവരിയായി, നിരനിരയായി



വാഴ തുമ്പത്തു കായായി

മൂത്ത വിളഞ്ഞു പഴുക്കുമ്പോൾ

തിന്നാൻ വരുന്നേ ചങ്ങാതി

വന്നിടാം  എന്ന്  പറഞ്ഞിട്ട്

വാൽ വിരിച്ച് പോയിട്ടും ചാടിച്ചാടി പോകുന്നല്ലോ


അണ്ണാറക്കണ്ണൻ ചങ്ങാതി.

അനന്യ
9 th std

# അലക്കുകാരൻ്റെ കഴുത

അലക്കുകാരൻ ആയിരുന്നു അഴകപ്പൻ. ആഴ്ചയിലെ മിക്കദിവസങ്ങളിലും അയാൾ കഠിനാധ്വാനം ചെയ്തു. ജോലികളിൽ അയാളെ കഴുതയും സഹായിച്ചു വന്നു . ഒരുനാൾ അത്യധ്വാനം നിമിത്തം അഴകപ്പൻ രാത്രി വൈകി വീട്ടിലെത്തിയ പാടെ ഉറങ്ങിപ്പോയി. ഈ നേരം ഒരു കള്ളൻ പുറത്തു കാത്തു നിൽക്കുന്നു. അർദ്ധരാത്രി ആയപ്പോൾ കള്ളൻ അലക്കുകാരൻ അറിയാതെ വീട്ടിൽ കയറി. ഈ സമയം തൊഴുത്തിൽ കഴുതയും തൊട്ടപ്പുറം അലക്കു കാരൻ്റെ നായയും ഉണ്ടായിരുന്നു.

കള്ളൻ വീട്ടിൽ കയറിയത് നായയും കഴുതയും കാണാൻ ഇടയായി. എന്നാൽ നായ അതൊന്നും കണ്ടതായി നടിച്ചില്ല. നിലത്ത് തല ചേർത്ത് അത് ഉറങ്ങുന്നതായി നടിച്ചു കിടന്നു.




കഴുതയ്ക്ക് അത് സഹിച്ചില്ല. നീ എന്താണ് ഇങ്ങനെ നടിച്ചു കിടക്കുന്നത്? വീട്ടിൽ കള്ളൻ കയറിയത് നീ കണ്ടിട്ടില്ലേ? യജമാനൻ നല്ല ഉറക്കത്തിലാണ്. നീ ശബ്ദം ഉണ്ടാക്കിയില്ലെങ്കിൽ കള്ളൻ എല്ലാം മോഷ്ടിച്ചു കൊണ്ടുപോകും. കഴുത പറഞ്ഞു. നായ ഒന്നും മിണ്ടിയില്ല.

ഒരുപാട് സമയത്തിനുശേഷം കള്ളൻ കോലായിലേക്ക് കയറി ആ സമയത്ത് നായ ശബ്ദമുണ്ടാക്കാതെ കോലായിലേക്ക് പോയി അയാളെ കടിച്ച് മുറിവുണ്ടാക്കി. അയാൾ വേദനകൊണ്ട് പുളഞ്ഞു അവിടെ വീണുപോയി . ശബ്ദം കേട്ട് അഴകപ്പൻ ഓടിയെത്തി. അങ്ങനെ കള്ളനെ പോലീസിലേൽപ്പിച്ചു. അതിനുശേഷം അലക്കുകാരന് നായയെ വളരെ ഇഷ്ടമായിരുന്നു. പിന്നീട് ആ വീട്ടിലേക്ക് ഒരു കള്ളനും പ്രവേശിച്ചില്ല. അവരിപ്പോൾ വളരെ സന്തോഷത്തോടെ കഴിയുന്നു.

***ആദിത്യൻ***

***9 th std***

# കയർ



*ആരോട്ടും മിണ്ടാതെ.......*

*ആരോട്ടും ഒന്നും പറയാതെ......*

*ഒരു കണ്ടം കയറിന്മേൽ തൂങ്ങിയത് എന്തെന്നമ്മേ.....( 2)*

*ആറാം വയസ്സിൽ........*

*എന്നെയും ഇട്ടേച്ച് പോയതെന്ത് നമ്മെ.... ..*

*പോയത് എന്തെന്നമ്മേ......( 2)*

*ഒരു കണ്ടം കയറിന്മേൽ ജീവനൊടുക്കുമ്പോൾ*

*അച്ഛനെയും മക്കളെയും ഓർക്കാത്തത് എന്തെന്നമ്മേ.....( 2)*

*രണ്ടു പിഞ്ചു മക്കളെ ഒറ്റയ്ക്കാക്കിയിട്ട്*

*ഇരുളിൽ മറഞ്ഞത് എൻറെ എൻറെ അമ്മ*

*എന്ത് എൻറെ അമ്മേ.....*

***ഒറ്റയ്ക്ക് പോകുമ്പോൾ ഇരുളിൽ മറയുമ്പോൾ***

***ഞങ്ങളെ കൂടെ വെളിച്ചമുണ്ട് വിളിച്ചുകൂടാർന്നൊ എൻറെ അമ്മ......***

# അഹങ്കാരം ആപത്ത്

ഒരു കാട്ടിൽ  അഹങ്കാരിയായ ഒരു പൂമ്പാറ്റ ഉണ്ടായിരുന്നു.  അവളുടെ പേരാണ്  മിന്നു അവൾ ഭയങ്കര  പൊങ്ങച്ചക്കാരീ ആയിരുന്നു. താൻചെയ്യുന്നതെന്തും ശരിയാണെന്ന് അവൾ  അഹങ്കരിക്കും ആയിരുന്നു. അവൾക്ക് ഉള്ള സുഹൃത്തുക്കളെല്ലാം അവളോട് വെറുപ്പ്



ആയിരുന്നു . ഒരുദിവസം അവളുടെ കൂട്ടുകാരും കൂടി ഒരു വലിയ പൂന്തോട്ടത്തിൽ എത്തി. അവർ സന്തോഷത്തോടെ തേൻ കുടിക്കുക -യായിരുന്നു. മഴ p[ വരുന്നതുകണ്ട് പൂമ്പാറ്റകൾ എല്ലാം ഒരു മരച്ചുവട്ടിലെ ഇലകൾ കിടയിൽ മറഞ്ഞുനിന്നു. പക്ഷേ  മിന്നു മാത്രം ആ മഴയത്ത് തന്നെ നിന്നു. കൂട്ടുകാർ അവളോട് വരാൻ പറഞ്ഞിട്ടും അവൾ ചെന്നില്ല. അവിടെനിന്ന് തേൻ കുടിച്ചു കൊണ്ടേയിരുന്നു. പെട്ടെന്ന് ഒരു വലിയ മഴത്തുള്ളി  വന്ന് അവളുടെ ശരീരത്തിലേക്ക് വീണു. അവളുടെ ഒരു ചിറക് ഒഴിഞ്ഞുപോയി. പെട്ടെന്ന് അവിടെയൊരു മാലാഖ പ്രത്യക്ഷപ്പെട്ടു. ആ മാലാഖ പറഞ്ഞു  അഹങ്കാരം എപ്പോഴും ആപത്തെ നൽകുകയുള്ളൂ.  മാലാഖ വിനുവിൻറെ ചിറക് തിരിച്ച് വച്ചുകൊടുത്തു.

കുട്ടുകാരെ ഈ കഥ നിങ്ങൾക്ക് തരുന്നത് വലിയൊരു ഗുണപാഠമാണ്. എപ്പോഴും അഹങ്കരിക്കുന്ന വർക്ക് ഈ കഥ ഒരു പാഠമാകട്ടെ. അഹങ്കാരം എപ്പോഴും നമ്മെ നശിപ്പിക്കുകയോ ചെയ്യുകയുള്ളൂ. ഇത്രയും പറഞ്ഞു ഞങ്ങളുടെ കൊച്ചു കഥ ഇവിടെ അവസാനിപ്പിക്കുന്നു. നന്ദി.

അനാമിക
*9 th std*

# <u>ഒരു മഴ വിതച്ച ദുരിതം</u>

മനുഷ്യൻ ഭൂമിയോട് ചെയ്യുന്ന പകരമായി ഭൂമി മനുഷ്യരെ തന്ന വൻ ദുരന്തം . പ്രളയം ഒരുപാട് പേരുടെ മരണത്തിനും വേർപിരിയലിന് കാരണമായ പെരുമഴ . അതോടെ പോയി എല്ലാ ക്രൂരതകൾക്കും പകരമായി മനുഷ്യന് പ്രകൃതി തന്ന ഉപഹാരം . ഒരുപാട് കുരുന്നുകളെ അനാഥരാക്കപ്പെട്ട ഒരുവൻ ദുരന്തം . പ്രകൃതിയുടെ ഈ സംഹാരതാണ്ഡവം അവസാനമില്ലാതെ തുടരുന്നു. എന്ന് നാം പ്രകൃതിയോട് ഇണങ്ങി ജീവിക്കുന്നുവോ അന്ന് ഈ ഈ ദുരിതത്തിനും അറുതിവരും.

# വിദ്യാധനം സർവ്വധനാൽ പ്രധാനം

അറിവിൻറെ ശക്തി അത് വാക്കുകൾക്കപ്പുറം ആണ്. ഏതൊരുവൻ ആണോ അവനിഷ്ടപ്പെട്ട വിദ്യയിൽ പരമാവധി



ജ്ഞാനം നേടിയത്, പ്രാഗല്ഭ്യം തെളിയിച്ചത് ആ അറിവ് അവൻ എപ്പോഴും രക്ഷാകവചമായി വർത്തിക്കും .അന്നും ഇന്നും അറിവുള്ളവരെ ആദരിക്കുക എന്നത് നമ്മുടെ  സംസ്കാരത്തിൻറെ മുഖമുദ്രയാണ്. അറിവ് ഒരുവനെ അവൻറെ പ്രായത്തിന് അതീതമായി വിവേകമുള്ളവൻ ആക്കിത്തീർക്കുന്നു. ഭൗതികമായ സമ്പത്തും സൗകര്യവും നമ്മുടെ മരണത്തോടെ നമ്മോടൊപ്പം

*നാമാവശേഷമായി മാറുന്നു. ആവശ്യമുണ്ട് എന്നാൽ  വിദ്യയിലൂടെ ഒരാൾക്ക് മരണത്തിനു ശേഷവും ചിരഞ്ജീവിയായ മറ്റുള്ളവരുടെ മനസ്സിലും  കാലത്തിൻറെ നാളുകളിലും തുടരാനാവും. ഇന്ന് സഹസ്രാബ്ദങ്ങൾ പിന്നിട്ടിട്ടും അറിവിനെ പാതയിലൂടെ  സഞ്ചരിച്ച കണ്ണ് മഹത് വ്യക്തികളും നമ്മുടെ മനസ്സിൽ ജീവിക്കുന്നില്ലേ?*

***ഒരു സമൂഹത്തിനുള്ളിൽ നടമാടുന്ന ദുരാചാരങ്ങളെയും അതിക്രമങ്ങളെയും തുടച്ചു നീക്കുവാൻ ജ്ഞാനത്തിൽ അധിഷ്ഠിതമായ ഒരു വ്യവസ്ഥയിലൂടെ  സാധിക്കും. ഒരിക്കലും വിദ്യകൊണ്ട് പ്രബുദ്ധരായ ജനങ്ങൾ അധർമ്മത്തിന് കൂട്ടുനിൽക്കില്ല." വിദ്യാധനം സർവ്വധനാൽ പ്രധാനം" എന്നൊരു ചൊല്ലുണ്ട് ഒരുവ്യക്തിയുടെ ജീവിതത്തിൽ***

*അവൻ ആർജ്ജിച്ചെടുത്ത ഏറ്റവും ഉന്നതമായ*
*സമ്പത്താണ് ജ്ഞാനം. പഠിച്ച വിദ്യ*
*വേണ്ടിടത്ത് വേണ്ടപ്പോൾ പ്രയോഗിക്കുവാൻ*
*അറിയുന്ന ഒരു വ്യക്തിയെ*
*സംബന്ധിച്ചിടത്തോളം ജീവിതത്തിൽ*
*പ്രശ്നങ്ങൾ വന്ന് പേടിപ്പിച്ചാൽ ഉം*
*നിർഭയനായി സധൈര്യം അവയെ*
*നേരിടുവാൻ ആകും. ദാനത്തെ പറ്റിയുള്ള ഒരു*
*നിയമം എന്തെന്നാൽ അത് അറിയിക്കുന്നവന്*
*വേണം നൽകുവാൻ എന്നതാണ്. വിദ്യാ*
*ദാനത്തിനും ഈ നിയമം ഒരു പരിധിവരെ*
*ബാധകമാണ്, കാരണം അർഹിക്കാത്ത*
*വർക്ക് നൽകുന്ന വിദ്യ പലപ്പോഴും*
*അവഹേളിക്കപ്പെടുന്ന അവസ്ഥ സംജാത*
*ആകാറുണ്ട്. മാത്രമല്ല ചിലപ്പോഴൊക്കെ*
*ദുഷ്പ്രവർത്തികൾ കായും വിനിയോഗിക്ക*
*പ്പെട്ടേക്കാം അറിവിൻറെ അക്ഷരങ്ങൾ അഗ്നി*
*പ്രഭയോടെ നന്മയുടെ പ്രകാശം നിറയ്ക്കുമ്പോൾ*
*അറിവ് ആത്യന്തികമായ അനശ്വര ധനമാണ്.*

## മുത്തശ്ശൻ മാതൃക

ഇടമലക്കുടി എന്ന ഗ്രാമത്തിൽ ഒരു സമ്പന്നമായ കുടുംബം ഉണ്ടായിരുന്നു ആ കുടുംബത്തിൽ കല്യാണം കഴിച്ചവരുടെ ഭാര്യമാർ അഞ്ചു വർഷത്തിൽ കൂടുതൽ ജീവിച്ചിട്ടില്ല ആ കുടുംബം അതിനാൽ വിഷമിച്ചിരുന്നു ആ കുടുംബം എല്ലാകാര്യത്തിലും ഒന്നാം സ്ഥാനമായിരുന്നു കാരണം ആ കുടുംബം ഒരു മാതൃക കുടുംബമാണ് അവിടുത്തെ കാരണവരായിരുന്നു വില്യം ചാക്കോ അത് ഒരു ക്രിസ്ത്യാനി കുടുംബമായിരുന്നു വില്യമിനെ മകനായ ജോസഫ് ഒരു പാവമായിരുന്നു അയാളുടെ കല്ല്യാണം കഴിഞ്ഞ് ഒരുവർഷം കഴിഞ്ഞപ്പോൾ അയാൾക്ക് കുട്ടിയുണ്ടായി അയാളുടെ കുഞ്ഞിൻ്റെ പേര് ക്രിസ് എന്നായിരുന്നു അതിനുശേഷം 2 വർഷം കഴിഞ്ഞപ്പോൾ അവൻ്റെ അമ്മ മരിച്ചു അന്നുമുതൽ അവൻ്റെ അച്ഛൻ കുടി തുടങ്ങി അന്നുമുതൽ ആ കുടുംബത്തിൽ പ്രാരാബ്ദവും

സ്വസ്ഥത ഇല്ലായ്മയും തുടങ്ങി വെറും മൂന്നു വയസ്സായ ആ മകൻ കുന്നും അറിയാതെ കരഞ്ഞുകൊണ്ടിരുന്നു അച്ഛൻ കുടിച്ചു വന്നതിനാൽ നോക്കാൻപോലും വയ്യാതെ തളർന്നു കട്ടിലിലേക്ക് വീണു അവസാനം അവൻറെ മുത്തശ്ശനാണ് അവനെ നോക്കിയതും വളർത്തിയതും മുത്തശ്ശൻ അവനോട് പറയും നിൻറെ അച്ഛനെ കണ്ടു നീ പഠിക്കരുത് നിനക്ക് നല്ലൊരു ഭാവിയുണ്ട്. അവൻറെ അച്ഛനെപ്പോലെയായിരുന്നു അവൻ അതിനാൽ അവന് ശാസ്ത്രത്തോട് നല്ല താൽപര്യമായിരുന്നു. അക്കാര്യം അവൻറെ മുത്തശ്ശന് നന്നായി മനസിലായി. അതുകൊണ്ടായിരിക്കാം ആൻഡ് മുത്തശ്ശൻ അവനെ കൂടുതൽ കളിപ്പാട്ടങ്ങൾ വാങ്ങിച്ചു കൊടുക്കുന്നത്. കാരണം അവൻ കളിപ്പാട്ടങ്ങൾ പൊട്ടിച്ച് വേറെ എന്തെങ്കിലും ഉണ്ടാക്കി കളിക്കും പക്ഷേ അവൻറെ അച്ഛനെ ഇതൊന്നും ഇഷ്ടമല്ലായിരുന്നു അവനു

കളിപ്പാട്ടങ്ങൾ വാങ്ങാൻ അച്ഛന്
കാശുകൊടുത്താൽ അതുകൊണ്ട് കുടിക്കും
അത് അവൻ്റെ ജീവിതത്തിൽ ഒരു
സങ്കടകരമായ കാര്യമായി മാറി. എന്നിട്ടും
അവൻ്റെ മുത്തശ്ശൻ അവന് കളിപ്പാട്ടങ്ങൾ
വാങ്ങി കൊടുത്തു കൊണ്ടിരുന്നു ഒരുദിവസം
റിമോട്ടിൽ കളിക്കുന്ന ഒരു പാവ  വാങ്ങി
അതുകൊണ്ട് അവൻ ഒരു വാഹനം ഉണ്ടാക്കി
ശരിക്കും 10  വയസ്സ് കഴിഞ്ഞിരുന്നു
എങ്കിൽകൂടി അവൻ്റെ മുത്തശ്ശൻ ചെറിയ കുട്ടി
എന്ന പരിഗണനയോടെ അവനെ
കളിപ്പാട്ടങ്ങൾ വാങ്ങി കൊണ്ടേയിരുന്നു
അതുകൊണ്ട്  അവൻ ഓരോ
കണ്ടുപിടിത്തങ്ങൾ നടത്തി അവസാനം
മതിയെന്ന് തോന്നി അതിന് ഓർമ്മയ്ക്കായി
അവൻ ഒരു പക്ഷിയെ ഉണ്ടാക്കി ആ പക്ഷി
വെള്ള നിറത്തിലാണ് അവൻ ഉണ്ടാക്കിയത്
ശാന്തിയുടേയും സമാധാനത്തെയും വെള്ള
നോക്കിയാൽ ഒരു വെള്ളരിപ്രാവ്. അത്
അവൻ്റെ മുത്തശ്ശന് ആശങ്കയുണ്ടാക്കി അവൻ

എന്ത് ഉണ്ടാക്കിയാലും അത് മുത്തശ്ശൻ എടുത്തുവെക്കും ആയിരുന്നു അങ്ങനെ ഇതും മുത്തശ്ശിയുടെ  പെട്ടിയിൽ സൂക്ഷിച്ചുവെച്ചു അത് അവൻറെ ജീവിതത്തിൽ ഒരു വഴിത്തിരിവുണ്ടാക്കി അവരുടെ നാട്ടിൽ സ്കൂളിൽ ശാസ്ത്രമേള എന്നുള്ള ഒരു മത്സരം ഉണ്ടായിരുന്നു

( ശാസ്ത്രമേള). അതിൽ അവൻറെ മുത്തശ്ശൻ അവനറിയാതെ അവനെ ചേർത്തു എന്നിട്ട് ആ ദിവസം അവനോട് പറഞ്ഞു  നീ ഇന്ന് ഇതു   കൊണ്ടുപോകണം എന്നിട്ട് അവൻറെ കയ്യിൽ  അവനുണ്ടാക്കിയ വെള്ളരിപ്രാവ് കൊടുത്തു. അതും കൊണ്ട് അവൻ സ്കൂളിൽ പോയി. സ്കൂളിൽ എത്തിയപ്പോൾ ടീച്ചർസ് എല്ലാംകൂടി അവനെ കൂട്ടി ശാഖ മേളയിലേക്ക് പോയി അതിൽ അവിടെ ക്ലാസ് ടീച്ചർ അവൻറെ കയ്യിലുള്ള വെള്ളരിപ്രാവിനെ വാങ്ങി പ്രദർശിപ്പിച്ചു അവനോട് ജഡ്ജസ് വരുമ്പോൾ കാര്യങ്ങൾ പഠിപ്പിച്ചുകൊടുത്തു അവൻ

ജഡ്ജസ് വന്നപ്പോൾ അത് ഓപ്പറേറ്റ് ചെയ്തു കാണിക്കുകയും ടീച്ചർ പഠിപ്പിച്ചത് ഭംഗിയായി പറയുകയും ചെയ്തു. എല്ലാവരും അവനോടു ഓൾ ദി ബെസ്റ്റ് പറഞ്ഞു. അവനിൽ കാര്യം മനസിലായില്ല പക്ഷേ വീട്ടിലെത്തിയപ്പോൾ മുത്തശ്ശനും അതുതന്നെ ആവർത്തിച്ചു അവൻ ഇതുകേട്ട് ഉദ്ദേശ നോട് ചോദിച്ചു എന്താണിത് മുത്തശ്ശി എനിക്ക് ഒന്നും മനസ്സിലാകുന്നില്ല. അതുകേട്ട് മുത്തശ്ശൻ ചിരിച്ചുകൊണ്ടു പറഞ്ഞു നീ ഇന്ന് പങ്കെടുത്തത് ശാഖ മേളയിലാണ് അതിൽ നീ മനോഹരമായി പങ്കെടുക്കുകയും ചെയ്തു അതിനാലാണ് എല്ലാവരും നിന്നോട് ഓൾ ദി ബെസ്റ്റ് പറഞ്ഞത്. പിറ്റേദിവസം സ്കൂളിൽ ചെന്ന് അവന് new എല്ലാരും പരിഹാസത്തോടെ കളിയാക്കി പക്ഷേ കുറച്ചുപേർ മാത്രം അവന് ഇനിയും ഓൾ ദ ബെസ്റ്റ് നൽകി . 50 ദിവസം അസംബ്ലി ഡേ ആയിരുന്നു അതിൽ അവൻ സാധാരണപോലെ അവൻ്റെ ക്ലാസിലെ

വരിയിൽ നിന്നു. കുറച്ച് കഴിഞ്ഞപ്പോൾ
ഹെഡ്മാസ്റ്റർ ദിവസം നടന്ന ശാഖ മേളയുടെ
റിസൽട്ട് പറഞ്ഞു അവനായിരുന്നു ഫസ്റ്റ്
അത് അവനു വിശ്വസിക്കാനായില്ല പക്ഷേ
അവൻറെ മുത്തശൻ അത് അറിയാമായിരുന്നു
അവനായിരിക്കും ക്രിസ്ത്യന്
അതുകൊണ്ടായിരിക്കണം മുത്തശ്ശൻ അവന്
സമ്മാനം കിട്ടുന്നതാണ് സ്കൂളിലെത്തിയത്
മനോഹരമായ വലിയ ട്രോഫിയാണ് കിട്ടിയത്
അവനെ തിരിഞ്ഞുനോക്കിയപ്പോൾ
മുത്തശ്ശനെ കണ്ടു അവൻ ആ ട്രോഫി കൊണ്ട്
മുത്തശ്ശൻ അരികിലേക്ക് ഓടി മുത്തശ്ശന്
വാരിപ്പുണർന്നു. തയാറാക്കിയ കുട്ടികൾ
അവനോട് ക്ഷമ ചോദിച്ചു. പിന്നീട് വൈകീട്ട്
അവൻ മുത്തശ്ശനോടൊപ്പം വീട്ടിൽ പോയി
അപ്പോൾ അവൻറെ അച്ഛൻ ഇതുകണ്ട്
ആശ്ചര്യപ്പെട്ടു അവൻറെ അച്ഛൻ അപ്പോൾ
കുടിച്ചില്ല ആയിരുന്നു. അച്ഛൻ
സ്വബോധത്തോടെ കേട്ടപ്പോൾ അച്ഛന്

സന്തോഷമായി. പിന്നീട് ഇനി ഒരിക്കലും കുടിക്കില്ലെന്ന് അച്ഛൻ മകൻറെ തലയിൽ തൊട്ട് സത്യം ചെയ്തു. തൻറെ ജീവിതം മറ്റുള്ളവർക്ക് ഒരു പാഠം ആയിരിക്കാൻ നല്ല കഥ 1 വായിക്കാം കൂടാതെ ഫോട്ടോ അവൻറെ മുത്തശ്ശനെ പോലെ നല്ല മുത്തശ്ശൻഈ ലോകത്ത് ഇനിയും ഉണ്ടാകണമെന്ന് പ്രാർത്ഥിക്കുന്നു .

# <u>വരയൻകുതിരയും  ചങ്ങാതിയായ ഒട്ടകവും</u>

ഒരു കാട്ടിൽ ഒരു   വരയൻകുതിര ജീവിച്ചിരുന്നു ഇതിനെ കാണാൻ നല്ല ഭംഗിയുണ്ടായിരുന്നു അതിനാൽ ആ വരയൻകുതിര നല്ല അഹകാരമുണ്ടായിരുന്നു അതിൻറെ ചങ്ങാതിയായ ഒട്ടകം ഒരു  പാവമായിരുന്നു അതിനെ കാണാൻ വികൃതരൂപം ആയതിനാൽ വരയൻകുതിരക്ക് വല്ലാതെ അറപ്പ് തോന്നി പക്ഷേ ഈ ഒട്ടകത്തിന് നല്ല മനസ്സായിരുന്നു  വേനൽക്കാലം ആയി  കാട്ടും വേനൽ   അങ്ങനെ ഒരു ദിവസം  എല്ലാ ജലാശയങ്ങളിലെയും  ജലം മുഴുവൻ വറ്റിയിരുന്നു ഈ വരയൻകുതിര ദാഹിച്ചുവലഞ്ഞ് നടക്കുകയായിരുന്നു അപ്പോൾ ഈ  ഒട്ടകം മാത്രം സുഖമായി നടക്കുന്നു കുതിരക്ക് ആശ്ചര്യം തോന്നി വരയൻകുതി കത്തിനോട് ചോദിച്ചു  ദാഹം ഒന്നുമില്ലേ  ഒട്ടകം പറഞ്ഞു എനിക്ക് ഒരു

മാസത്തേക്കുള്ള വെള്ളം എൻറെ പുറത്തു ഞാൻ സംഭരിച്ചിട്ടുണ്ട് അപ്പോൾ വരയൻകുതിര ചോദിച്ചു മുലക്കണ്ണ് വെള്ളം കിട്ടിയതെന്ന് ഒട്ടകം പറഞ്ഞു ഞാൻ വേനലിനു മുമ്പ് ശേഖരിച്ചതാണ് അപ്പോൾ വരയൻകുതിര ഒട്ടകം അതിനോട് പറഞ്ഞു ഞാൻ വാർത്ത ദാഹിച്ചു മരിക്കുമെന്ന് ഒട്ടകം പറഞ്ഞു വാ നിനക്കു ഞാൻ മനോഹരമായ തടാകം കാണിച്ചുതരാം ആ തടാകത്തിൽ നിന്ന് ഇഷ്ടംപോലെ വെള്ളം കുടിച്ചോളൂ പോകുന്ന വഴിയിൽ ചുട്ടുപൊള്ളുന്ന മരുഭൂമിയിലെ മണൽ ഉണ്ടായിരുന്നു അതിലൂടെ വരാൻ കുതിര നടന്നപ്പോൾ അതിൻറെ കാൽ പൊള്ളി പക്ഷേ ഒട്ടകത്തിന് കാൽ കാരണം അതിൻറെ കുളമ്പ് അത്രയ്ക്കും ബലമേറിയ താണ് അതിനാൽ അതിനു കൊള്ളില്ല അവസാനം ആ വരയൻകുതിര ഒട്ടകം കാണിച്ചുകൊടുത്ത തടാകത്തിൽനിന്ന് വെള്ളം കുടിച്ചു തൻറെ ജീവൻ രക്ഷിച്ചു എന്നിട്ട് ഒട്ടകം അതിനോട് പറഞ്ഞു.

*നീ ഒന്നു മനസ്സിലാക്കണം ഓരോരുത്തർക്ക് ഓരോ കഴിവ് നൽകിയിട്ടു ഉണ്ട് പക്ഷേ അത് സൗന്ദര്യത്തിൽ അല്ല കാണിക്കുന്നത് അത് നീ മനസ്സിലാക്കിയാൽ നിനക്കും സുരക്ഷിതൻ ആവാം.*

*ഗംഗേഷ്*

# മനുഷ്യ മൃഗം

ഒരു കാട്ടിൽ ഗർഭിണിയായ മാനും  അവളുടെ കുഞ്ഞും താമസിച്ചിരുന്നു. എന്നും  അമ്മ മാൻ ആയിരുന്നു

കാട്ടിൽ പോയി ഭക്ഷണം കൊണ്ട് വരാറ്. അവൾ  കൂടെ  ചിക്കുവിനെ കൊണ്ടു േ

പോകാറില്ലായിരുന്നു



.ഒരുദിവസം  അവൾ കാട്ടിൽ ഭക്ഷണം തേടുന്നതിനിടെ ഒരു ശബ്ദം കേട്ടു

തിരിഞ്ഞുനോക്കിയപ്പോൾ അതാ ഒരു സിംഹം! സിംഹം തന്നെ  കണ്ടെന്നു കരുതി അവൾ ശബ്ദമുണ്ടാക്കാതെ ഒരു  മരത്തിന് പിറകിലേക്ക് മാറിനിന്നു.   സിംഹം തിരിച്ച്

പോകാൻ ഒരുങ്ങി അത് ആ മരത്തിൻ അരികിലൂടെ ആയിരുന്നു. ആ സമയത്ത് തന്നെ പിടിക്കാൻ വരികയാണെന്നു കരുതി അവൾ ഓടാൻ തുടങ്ങി . തൻറെ പിറകിൽ സിംഹം ഉണ്ടെന്ന് കരുതി അവൾ വയറ്റിലുള്ള കുഞ്ഞിനെ രക്ഷിക്കാൻവേണ്ടി വേഗത്തിൽ ഓടി ഓടി വീട്ടിലെത്തി.

" എന്താ അമ്മേ..... അമ്മയ്ക്ക് എന്തുപറ്റി ? " ചിക്കു ചോദിച്ചു. " ഒന്നുല്ല്യ മോളെ... ...... അമ്മയ്ക്ക് ഒന്നുല്ല്യ. എനിക്കിപ്പോ ഒന്നു വിശ്രമിക്കണം." അവൾ പറഞ്ഞു. " അമ്മ പോയി വിശ്രമിച്ചോളൂ... "

കുറച്ചു സമയം കഴിഞ്ഞപ്പോഴേക്കും ചിക്കുവിനെ വിശക്കാൻ തുടങ്ങി. അവൾ പോയി അമ്മയോട് ചോദിച്ചു " അമ്മേ ഞാനൊറ്റയ്ക്ക് കാട്ടിൽ പോകട്ടെ" " മോളെ കാട് അപകടം നിറഞ്ഞതാണ് നീ ഒറ്റയ്ക്ക്

പോകണ്ട"

അവൾ പറഞ്ഞു".

" എനിക്ക് വിശന്നിട്ട് വയ്യ അമ്മേ അമ്മയ്ക്കാണെങ്കിൽ വയ്യല്ലോ ഞാൻ തനിയെ പൊയ്ക്കോളാം ഞാനിപ്പോൾ കൊച്ചു കുട്ടി ഒന്നുമല്ലല്ലോ അമ്മ വിശ്രമിച്ചോളൂ"

എന്നാൽ അമ്മ അവൾ പോകുന്നതിന് എതിർത്തു. അമ്മയുടെ വാക്കു കേൾക്കാതെ ചിക്കു തനിയെ കാട്ടിലേക്ക് പോയി. നേരം ഇരുട്ടാറായി . ചിക്കുവിനെ കാണാനില്ല. പോയി വരേണ്ട സമയം കഴിഞ്ഞിരിക്കുന്നു. രാവിലെ തന്നെ പിടിക്കാൻ ശ്രമിച്ചതാണ് ആ സിംഹം. ഇതെല്ലാം ഓർത്തപ്പോൾ അവൾക്ക് പേടിയായി. അവൾ ചിക്കുവിനെ തേടിയിറങ്ങി. അവൾ പോകുന്നതിനിടെ ചിക്കുവിനെ

പിറന്നാളിന് അവൾ സമ്മാനിച്ച ഒരു മാല കിടക്കുന്നത് കണ്ടു. അവളുടെ  ഉള്ളിൻ ഉള്ളിൽ ഒരു  തീപോലെ ഇത് ആളിക്കത്താൻ തുടങ്ങി. തന്നെ കുഞ്ഞിന് എന്തോ  ആപത്ത് സംഭവിച്ചിട്ടുണ്ട് എന്ന് അവൾക്കു മനസ്സിലായി. അപ്പോഴതാ രാവിലെ കണ്ടാ സിംഹത്തെ അവൾ വീണ്ടും കണ്ടു.

" ഹഹഹ .....   തേടിയ വള്ളി കാലിൽ ചുറ്റി....     പക്ഷേ ഇപ്പോ  ഞാൻ ഒന്നിനെ അകത്താക്കി അതേയുള്ളൂ അതുകൊണ്ട് ഞാൻ നിന്നെ വെറുതെ വിടുന്നു"
.

ആശ്വാസത്തോടെ അവൾ ചിക്കുവിനെ തേടിയുള്ള യാത്ര ആരംഭിച്ചു.  നേരം ഒരുപാട് ഇരുട്ടിയിരിക്കുന്നു. അവൾ ഒരുപാട് സ്ഥലത്ത് അലഞ്ഞു.  സമയം പാതിരാത്രി ആയി.

എന്നിട്ടും ചിക്കുവിനെ കാണാൻ കഴിഞ്ഞില്ല. നേരം പുലരാൻ തുടങ്ങി. അവൾ വീട്ടിലേക്ക് തിരിച്ചു പോകാനൊരുങ്ങി. ഒരുപക്ഷേ ചിക്കു വീട്ടിലെത്തിയിട്ട് ഉണ്ടെങ്കിലോ എന്ന് അവൾ ചിന്തിച്ചു. പോകുന്നതിനിടെ ഒരു ശബ്ദം കേട്ടു. ആ സിംഹം ആയിരിക്കും എന്നാണ് അവൾ കരുതിയത്. പിറകിലേക്കു തിരിഞ്ഞു നോക്കിയതും അവളുടെ നേരെ ഒരു അമ്പു വരുന്നതാണ് അവൾ കണ്ടത്. അത് അവളുടെ ദേഹത്തേക്ക് തുളച്ചുകയറി അവൾ നിലംപതിച്ചു. ജീവിതത്തിനും മരണത്തിനുമിടയിലുള്ള ആ നിമിഷത്തിൽ തനിക്ക് ജനിക്കാനുള്ള കുഞ്ഞിനെ കുറിച്ചും ചിക്കുവിനെ കുറിച്ചുമുള്ള അവളുടെ സ്വപ്നങ്ങൾ ഓരോന്നായി അവളുടെ കണ്ണുന്നിലൂടെ പാഞ്ഞുപോയി....

ഇതിൽനിന്നും നമുക്ക് മനസ്സിലാക്കാം

ഇന്നത്തെ സമൂഹത്തിൽ നാം
മൃഗങ്ങളെക്കാൾ ഏറെ പേടിക്കേണ്ടത്
മനുഷ്യരെയാണ്...." മനുഷ്യനെന്ന
മൃഗത്തെ".

നം

# __മനുഷ്യനും     ഒടിയനും

വിമാനം ഉയരുന്നു   3  2  1  0  ...............
കുന്നിന് മുകളിൽ കൂടെയാണ്  വിമാനം
പോകുന്നത്   വിമാനം കാട്ടിലെ മുകളിലെത്താൻ
പെട്ടെന്ന് ഒരു അജ്ഞാതശക്തി   ഞങ്ങളുടെ
മാനത്തെ പിടിച്ചുകുലുക്കി!!!!!!

പിന്നെ മുഴുവൻ  ഇരുട്ടായിരുന്നു.   ഒരു
ഭ്രാന്തനെപോലെ കാട്ടിൽ ഞാൻ അലഞ്ഞു
തിരിഞ്ഞു നടന്നു

ഭക്ഷണം
പഴവർഗങ്ങളും
വെള്ളം അരുവിയിൽ
നിന്നും ആയിരുന്നു.



സമയം കൂടിക്കൂടി  വന്നപ്പോൾ ഹൃദയമിടിപ്പ് കൂടി അങ്ങനെ രാത്രിയായി.........................

ബോധം വന്നപ്പോഴാണ് എനിക്ക് മനസ്സിലായത് ഞാൻ   ഒരു കാട്ടിൽ ആണെന്ന് പൂർണ്ണചന്ദ്രനെ മരത്തിനിടയിൽ കൂടെ  കാണുന്നുണ്ടായിരുന്നു. എനിക്ക് ദാഹം കൂടിയപ്പോൾ ഞാൻ ഒരു അരുവിയുടെ ഇടയ്ക്ക് പോയി. ഏതോ ബുക്കിൽ വായിച്ചതുപോലെ അരുവികൾ കടലായി  മാറി.

*പെട്ടെന്നായിരുന്നു   കടലിന് നടുവിൽ ഒരു മരം മുളച്ചുപൊന്തി പൊന്തി  . ആ മരത്തിൽ കൂടെ ഏതൊരു   ആൾ  കയറുന്നുയറുന്നുണ്ടായിരുന്നു. എന്നുള്ളിലെ ഭയം കൂടിക്കൂടിവന്നു     എൻറെ അപ്പൂപ്പൻ പറഞ്ഞതുപോലെ അത് ഒടിയൻ ആണെന്ന് എനിക്ക് മനസിലായി  !!!!!!!!!!!!!*

# മിലിയും വർഷയും

ഹലോ നമസ്കാരം
എൻ്റെ പേര് അർച്ചന റ ഞാൻ ഒൻപത് ഇ ക്ലാസിൽ പഠിക്കുന്നു. ഞാൻ ഇന്ന് ഇവിടെ ഒരു കൊച്ചു

കുടുംബത്തിൻറെ കഥയാണ് പറയാൻ പോകുന്നത്. ഒരു കൊച്ചു കുടുംബത്തിൽ മിലി, വർഷ എന്ന 2 കുട്ടികൾ ഉണ്ടായിരുന്നു. ഒരാൾ നാലിലും മറ്റേയാൾ ഒൻപതിലും ആണ്. അവർക്ക് അമ്മയില്ല അവരുടെ ചെറുപ്പകാലത്ത് അമ്മ അസുഖം ബാധിച്ച് മരിച്ചുപോവുകയും ചെയ്തു. അന്നുമുതൽ അവരുടെ അമ്മയും അച്ഛനും കൂട്ടുകാരും എല്ലാം അച്ഛനായിരുന്നു. ഇപ്പോൾ അച്ഛൻ വിദേശത്താണ് കഴിയുന്നത്. കുട്ടികൾക്കാവശ്യമായ എല്ലാ സാധനങ്ങളും അച്ഛൻ അവിടെനിന്ന് അയച്ചു കൊടുക്കുന്നുണ്ട്. മിലിയും വർഷയും പട്ടിണി എന്തെന്ന് അറിയാതെ വളർന്നതാണ്. ചോദിക്കുന്നതെന്തും അമ്മയില്ലാത്ത കുഞ്ഞുങ്ങളല്ലേ എന്ന് കരുതി അച്ഛൻ കൊടുത്തയക്കും. കൊല്ലങ്ങൾക്കുശേഷം മിലിയും വർഷയും വളർന്ന് വലുതായി. ഒരുദിവസം അവർക്ക് വിദേശത്തുനിന്ന് ഒരു കത്തുവന്നു. സങ്കടമുള്ള ഒരു കത്തായിരുന്നു അത്.മിലിയുടെയും വർഷയുടെയും അച്ഛൻറെ മരണ വാർത്തയായിരുന്നു അത്. ജോലി ചെയ്യുന്നതിനിടയിൽ യന്ത്രത്തിൽ കുടുങ്ങിയാണ് മരിച്ചത്. കുട്ടികൾക്ക് അച്ഛൻറെ ജോലി

ഭക്ഷണ കമ്പനിയിലാണ് എന്ന് മാത്രം അറിവുള്ളൂ. ഇവർക്കുള്ള പാസ്പോർട്ടും പൈസയും ടിക്കറ്റും എല്ലാം റെഡിയാക്കി വരാനിരിക്കുകയായിരുന്നു അച്ഛൻ. അവരെ അച്ഛൻറെ ജഡം കാണിക്കാൻ വിദേശത്തേക്ക് അച്ഛൻറെമിലിക്കും വർഷിക്കും കൂടെ ജോലി ചെയ്യുന്ന ഒരാൾ കൊണ്ടുപോയി. അവിടെയെത്തിയപ്പോൾ അച്ഛൻ താമസിച്ച റൂമിലേക്ക് അവരെ കൊണ്ടുപോയി. റൂമിൽ എത്താൻ നൂറുകണക്കിന് പടികൾ ഉണ്ടായിരുന്നു. റൂമിൽ എത്തിയപ്പോൾ കണ്ട കാഴ്ച അവരെ രണ്ടുപേരെയും അത്ഭുതപ്പെടുത്തി. ഒരു കട്ടിലും
ബാത്ത്റൂമും മാത്രം ഉണ്ടായിരുന്നുള്ളൂ. ഒന്ന് അങ്ങോട്ടോ ഇങ്ങോട്ടോ നീങ്ങാനുള്ള സ്ഥലം പോലും അവിടെ ഉണ്ടായിരുന്നില്ല. ഇതെല്ലാം കണ്ട് അവർ അച്ഛൻറെ ജഡം കെട്ടിപ്പിടിച്ച് നെറ്റിയിൽ ഒരുപാട്
മുത്തങ്ങൾ നൽകി പൊട്ടിക്കരഞ്ഞു. ഞങ്ങൾക്ക് വേണ്ടി ആയിരുന്നു ഇത്രയും നാൾ അച്ഛൻ കഷ്ടപ്പെട്ട്
ജോലി ചെയ്ത് ജീവിച്ചിരുന്നത്. ഞങ്ങളെ
കഷ്ടപ്പെടുത്താതെ പോറ്റിവളർത്തിയ അച്ഛനെ എത്ര പൂവിട്ടു പൂജിച്ചാലും മതിയാവില്ല ഈ സംഭവത്തിനുശേഷം അവർ സ്വയം ജോലി ചെയ്തു കഷ്ടപ്പെട്ട് പണമുണ്ടാക്കി ജീവിച്ചു. ഇതുപോലെയാണ് നമ്മുടെ ഓരോരുത്തരുടെയും മാതാപിതാക്കൾ മാർ. മിലിക്കും വർഷിക്കും വേണ്ടി കഷ്ടപ്പെടുന്ന അച്ഛൻറെ ഈ കഥ പുതുതലമുറയ്ക്ക് ഒരു പാഠമാവട്ടെ.
നന്ദി നമസ്കാരം